# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5180 24.10.2011 - ൽ മറുപടിക്ക്

## പ്രവർത്തനരഹിതമായ പൊതുടാപ്പുകൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ മൂന്നിലൊന്നുപോലും പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇവ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ചില പൊതു ടാപ്പുകൾ ദുരുപയോഗം മൂലം വിഛേദിച്ചിട്ടുള്ളതാണ്. മുനിസിപ്പാലിറ്റി അധികൃതരും ജല അതോറിറ്റി ഉദ്യോഗസ്ഥരും കൂട്ടായ പരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കി ആവശ്യമുള്ള പൊതുടാപ്പുകൾ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ